**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3368** **08-10-2025 - ൽ മറുപടിയ്ക്ക്**

**പൊതു വിനോദസഞ്ചാര കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വർക്കല നടയറ പാലത്തിന് കീഴിലുള്ള സ്ഥലം ഓപ്പൺ ജിം, കുട്ടികളുടെ പാർക്ക് തുടങ്ങിയ സൗകര്യങ്ങളുള്ള പൊതു വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിന് ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകളും സർവേ സ്കെച്ചും എൻ. ഒ. സി. യും ലഭിക്കുന്നതിന് ഏത് വകുപ്പിനാണ് കത്തയച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | നടയറ പാലത്തിന്റെ വശങ്ങൾ സൗന്ദര്യവൽക്കരിക്കുന്നതിനും വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 'വി പാർക്ക്' പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പദ്ധതി നടപ്പിലാക്കുന്നതിനു രൂപകൽപ്പനയും, വിശദമായ ഡ്രോയിംഗുകളും തയ്യാറാക്കുന്നതിനായി KTIL നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ആയതിലേക്കായി ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകൾ, സർവേ സ്കെച്ച്, ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള എൻ.ഒ.സി എന്നിവയുൾപ്പെടെയുള്ള രേഖകൾ ആവശ്യമായിട്ടുണ്ട്. ഇത് ലഭ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് (ബ്രിഡ്ജസ്) എക്സിക്യൂട്ടീവ് എഞ്ചിനീയർ, വർക്കല വില്ലേജ് ഓഫീസർ എന്നിവർക്ക് വിനോദ സഞ്ചാര വകുപ്പ് തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിൽ നിന്നും മറുപടി ലഭ്യമായിട്ടുണ്ട്. ആയതിൽ സ്ഥലത്തിന്റെ സർവ്വേ നമ്പർ പ്രകാരമുള്ള വിശദാംശങ്ങൾ ലഭ്യമായിട്ടുണ്ട്. ആയതിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പൊതുമരാമത്ത്, റവന്യൂ വകുപ്പുകൾക്ക് കത്തയച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | നടയറ പാലത്തിന്റെ വശങ്ങൾ സൗന്ദര്യവൽക്കരിക്കുന്നതിനും വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 'വി പാർക്ക്' പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പദ്ധതി നടപ്പിലാക്കുന്നതിനു രൂപകൽപ്പനയും, വിശദമായ ഡ്രോയിംഗുകളും തയ്യാറാക്കുന്നതിനായി KTIL നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ആയതിലേക്കായി ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകൾ, സർവേ സ്കെച്ച്, ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള എൻ.ഒ.സി എന്നിവയുൾപ്പെടെയുള്ള രേഖകൾ ആവശ്യമായിട്ടുണ്ട്. ഇത് ലഭ്യമാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | പൊതുമരാമത്ത് വകുപ്പ് (ബ്രിഡ്ജസ്) എക്സിക്യൂട്ടീവ് എഞ്ചിനീയർ, വർക്കല വില്ലേജ് ഓഫീസർ എന്നിവർക്ക് വിനോദ സഞ്ചാര വകുപ്പ് തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിൽ നിന്നും മറുപടി ലഭ്യമായിട്ടുണ്ട്. ആയതിൽ സ്ഥലത്തിന്റെ സർവ്വേ നമ്പർ പ്രകാരമുള്ള വിശദാംശങ്ങൾ ലഭ്യമായിട്ടുണ്ട്. ആയതിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അത്യന്തിയം

നം.DD-TVM/88/2025-P1

വിനോദസഞ്ചാര വകുപ്പ്
ജില്ലാ കാര്യാലയം
തൈക്കാട്,
തിരുവനന്തപുരം- 695014
Email:ddtvm@keralatourism.org

തീയതി : 10-09-2025

പ്രേഷകൻ

ഡെപ്യൂട്ടി ഡയറക്ടർ

സ്വീകർത്താവ്

1.എക്സിക്യൂട്ടീവ് എഞ്ചിനീയർ,
പൊതുമരാമത്ത് വകുപ്പ് , ബ്രിഡ്ജസ്
PMG , തിരുവനന്തപുരം

2. വില്ലേജ് ഓഫീസർ,
വർക്കല,
തിരുവനന്തപുരം

സർ,

വിഷയം: വിനോദസഞ്ചാര വകുപ്പ് - ജില്ലാ കാര്യാലയം, തിരുവനന്തപുരം - "വർക്കല നിയോജക മണ്ഡലത്തിലെ നടയറ പാലത്തിൻറെ വശങ്ങളിലും അടിഭാഗത്തുമായി ഒഴിഞ്ഞു കിടക്കുന്ന സ്ഥലം "We Park" മോഡലിൽ വികസിപ്പിക്കുന്നത് - ഡിസൈൻ തയ്യാറാക്കുന്നത് - ആവശ്യമായ രേഖകൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന: 1)05/05/2025 തീയതിയിലെ ബഹു. വർക്കല എം എൽ എ, ബഹു. വിനോദ സഞ്ചാര വകുപ്പ് മന്ത്രിയ്ക്ക് നൽകിയ നിവേദനം.
2)31.08.2025 തീയതിയിലെ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ DOT/2130/2025-P6 നമ്പർ കത്ത്.

മേൽ സൂചന ദയവായി ശ്രദ്ധിച്ചാലും. വർക്കല നിയോജക മണ്ഡലത്തിലെ നടയറ പാലത്തിൻറെ വശങ്ങളിലും അടിഭാഗത്തുമായി ഒഴിഞ്ഞു കിടക്കുന്ന സ്ഥലം "We Park" മോഡലിൽ വികസിപ്പിക്കുന്നതിനു ബഹു. വർക്കല എം എൽ എ, ബഹു. വിനോദ സഞ്ചാര വകുപ്പ് മന്ത്രിയ്ക്ക് നൽകിയ നിവേദനം പരിശോധിച്ചു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 15.07.2025 ന് തിരുവനന്തപുരം, വിനോദസഞ്ചാര വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, പൊതുമരാമത്തു വകുപ്പ്

അസിസ്റ്റന്റ് എഞ്ചിനീയർ, ബഹു എം.എൽ.എ ഓഫീസിൽ നിന്നുള്ള പ്രതിനിധി, KTIL ആർക്കിടെക്ട്, ആർട്ടീരിയ ആർട്ടിസ്റ്റ് എന്നുവരുമായി സംയുക്തമായി സ്ഥലം സന്ദർശിക്കുകയുണ്ടായി.

വർക്കലയിലെ നടയറ പാലത്തിന് താഴെയുള്ള സ്ഥലം ഓപ്പൺ ജിം, കുട്ടികളുടെ പാർക്ക് തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കി ഒരു പൊതു വിനോദ കേന്ദ്രമാക്കി മാറ്റുന്നതിന് അനിയോജ്യമാണ് എന്നും രൂപകൽപ്പനയും വിശദമായ ഡ്രോയിംഗുകളും തയ്യാറാക്കുന്നതിനായി, ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകൾ, സർവേ സ്കെച്ച്, ലൊക്കേഷൻ പ്ലാൻ ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള എൻ.ഒ.സി എന്നിവയുൾപ്പെടെയുള്ള രേഖകൾ ആവശ്യമാണ് . ആയതിനാൽ ടി പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി മേൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

Signed by
SREEKUMAR.M
M Sreekumar
DEPUTY DIRECTOR
Date: 10-09-2025 13:08:04

ഉള്ളടക്കം : മേൽ സൂചിപ്പിച്ചത്.

**Office of the Assistant Engineer,**
**Public Works Department,**
**Roads Section Varkala -695141**
**Mob No: 7594971188**
**e-mail: aerdpwdvarkala@gmail.com**

File No: AERD-SNOVRLA/2025-DB4-PWD

Dated: 11/09/2025

From

അസിസ്റ്റന്റ് എഞ്ചിനീയർ

To

ഡെപ്യൂട്ടി ഡയറക്ടർ

വിനോദ സഞ്ചാര വകുപ്പ്

ജില്ലാ കാര്യാലയം, തൈക്കാട്

തിരുവനന്തപുരം - 695014

Email:ddtvm@keralatourism.org

Sir,

**Sub:** **Propasal for Beautification of Nadayara Bridge- reg**

നടയറ പാലവുമായി ബന്ധപെട്ട പാലത്തിനു അടിയിലുള്ള ഗവൺമെന്റ് ലാൻഡ് ഡീറ്റെയിൽസ് ഇതിനാൽ ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത പാലം ഉൾപ്പെടുന്ന വർക്കല വില്ലേജിൽ വരുന്ന ബ്ലോക്കുകളുടെ നമ്പറുകൾ 11,42,43,45 ആണ് .ഇവയിൽ നടയറ പാലത്തിനടുത്ത് വരുന്ന സർവ്വേ നമ്പർ 11/1, 11/7, 11/12, 11/9, 11/15, 43/70, 43/35, 43/56, 43/30, 43/71, 43/68, 45/1, 45/2, 45/17, 45/18, 45/19, 45/25, 45/44. 45/61, 45/69, 45/62, 45/12 ഇത്രയുമാണ് ഗവൺമെന്റ് ലാൻഡായിട്ടുള്ളത്.ഇത് അങ്ങയുടെ അറിവിലേക്കും തുടർ നടപടികൾക്കുമായി സമർപ്പിക്കുന്നു.

Assistant Engineer

ASSISTANT ENGINEER
P.W.D. ROADS SECTION
VARKALA, TVPM


Encl: PDF Soft Copy of Block FMD

(8)

DISTRICT : THIRUVANANTHAPURAM
TALUK : CHIRAYINKEEZHU
MUNICIPALITY : VARKALA
VILLAGE : VARKALA

BLOCK No : 11

WARD No : 05
AREA : 10.6058 Hectares




Prepared by: D. Beena, F.G.S
Compared by

Name and Signature of Surveyor with date

സെക്ഷൻ ഓഫീസർ